“മലയാള ഭാഷയുടെ സ്വത്വം ദൃഢപ്പെടുത്തിയതിൽ ഡോ. ശൂരനാട് പി.എൻ കുഞ്ഞൻ പിള്ളയുടെ പങ്ക്” എന്ന വിഷയത്തിൽ ഗവേഷണപഠനങ്ങൾ ക്ഷണിക്കുന്നു

“മലയാള ഭാഷയുടെ സ്വത്വം ദൃഢപ്പെടുത്തിയതിൽ ഡോ. ശൂരനാട് പി.എൻ കുഞ്ഞൻ പിള്ളയുടെ പങ്ക്” എന്ന വിഷയത്തിൽ ഡോ. പി.എൻ ശൂരനാട് കുഞ്ഞൻ പിള്ള ഫൗണ്ടേഷൻ ഗവേഷണപഠനങ്ങൾ ക്ഷണിക്കുന്നു. മലയാള ഭാഷയുടെ സ്വത്വം ദൃഢപ്പെടുത്തിയതിലും, നിലവാരപ്പെടുത്തിയ മലയാളത്തെ നിർവചിക്കുന്നതിലും ഡോ. ശൂരനാട് പി. എൻ. കുഞ്ഞൻപിള്ള വഹിച്ച പങ്കിനെക്കുറിച്ച് സമഗ്രമായ ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള ഫൗണ്ടേഷന്റെ പദ്ധതിയുടെ ഭാഗമായാണ് ഇത്.

പഠനങ്ങൾ ഭാഷാവിദഗ്ധരും പണ്ഡിതരും ഉൾപ്പെട്ട നിരൂപകസമിതിയാണ് വിലയിരുത്തുക. തിരഞ്ഞെടുക്കപ്പെടുന്ന രണ്ടു പ്രബന്ധങ്ങൾക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും.

**വിഷയം:** “മലയാള ഭാഷയുടെ സ്വത്വം ദൃഢപ്പെടുത്തിയതിൽ ഡോ. ശൂരനാട് പി.എൻ കുഞ്ഞൻ പിള്ളയുടെ പങ്ക്.”

**യോഗ്യത:** മലയാളഭാഷയും സാഹിത്യവും സംബന്ധിച്ച വിഷയങ്ങളിൽ പി. ജി. ബിരുദപഠനം നടത്തുന്നവർ, പി.എച്ച്.ഡി. ഗവേഷകർ.

**ഭാഷ:** മലയാളം

**വാക്കുകളുടെ പരിധി:** 5,000 – 10,000 വാക്കുകൾ

**സമർപ്പിക്കേണ്ട വിധം:** യൂണികോഡ് മലയാളം ഫോണ്ടിൽ ടൈപ്പ് ചെയ്ത PDF അല്ലെങ്കിൽ Word ഫയൽ രൂപത്തിൽ ഫൗണ്ടേഷന്റെ ഇ-മെയിൽ വിലാസത്തിലേക്ക് അയക്കുക.

**അവസാന തീയതി:** 2026 ഏപ്രിൽ 30

**പഠനങ്ങൾ അയക്കേണ്ട ഇ-മെയിൽ വിലാസം:** info@suranadkunjanpillai.org

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

**ഫോൺ നമ്പർ**: 9446416622 / 9746128948

**ഇമെയിൽ വിലാസം**: info@suranadkunjanpillai.org

**ഫൗണ്ടേഷൻ വെബ്സൈറ്റ്**: www.suranadkunjanpillai.org

**.ഫൗണ്ടേഷനെ കുറിച്ച്:**

പ്രഗത്ഭനായ ഭാഷാപണ്ഡിതൻ, നിഘണ്ടുകാരൻ, സംസ്കാരചരിത്രകാരൻ എന്നിങ്ങനെയുള്ള നിലകളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഡോ. ശൂരനാട് പി.എൻ കുഞ്ഞൻ പിള്ളയുടെ പൈതൃകസംരക്ഷണത്തിനും ഗവേഷണ-പ്രചാരണപ്രവർത്തനങ്ങൾക്കുമായി രൂപീകൃതമായ ഒരു സാംസ്കാരിക-അദ്ധ്യയന വേദിയാണ് ഡോ. ശൂരനാട് പി.എൻ കുഞ്ഞൻ പിള്ള ഫൗണ്ടേഷൻ.

ഫൗണ്ടേഷൻ മലയാളഭാഷയുടെ ആഴവും വിപുലതയും അന്വേഷിക്കുന്ന ഗവേഷണങ്ങളെയും ഭാഷാ-സാംസ്കാരിക സംവാദങ്ങളെയും പ്രോത്സാഹിപ്പിക്കുന്നു.